(ബി) ഉണ്ടെങ്കിൽ എന്നാണ് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ റോഡിന്റെ പ്രവർത്തനം തുടങ്ങാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) പ്രസ്തുത റോഡിന്റെ പണി ആരംഭിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ (ഇനിഷ്യൽ ലെവൽസ് എടുക്കൽ തുടങ്ങിയവ) 22-2-2005-ൽ തുടങ്ങിയിട്ടുണ്ട്.

(സി) 30-9-2005-ൽ ഈ റോഡിന്റെ പണി പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പ്രൊമോഷനുള്ള മാനദണ്ഡം

111 [2614] ശ്രീ. ജോണി നെല്ലൂർ :

,, ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നാണ് നിലവിൽ വന്നത്;

(ബി) ബോർഡിൽ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ആവശ്യമായ സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കാലാകാലങ്ങളിൽ ജീവനക്കാർക്ക് പ്രൊമോഷനും മറ്റും നൽകുന്നത് എന്ത് മാനദണ്ഡം അനുസരിച്ചാണ്; ഇതിന് ആവശ്യമായ അംഗീകൃത തസ്തികകൾ നിലവിലുണ്ടായിരുന്നോ;

(ഇ) അംഗീകൃത തസ്തിക ഇല്ലാതെ പ്രൊമോഷൻ നല്കിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം പ്രൊമോഷൻ നൽകുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(എഫ്) ഇപ്രകാരം ആർക്കെല്ലാം പ്രൊമോഷൻ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ജി) നിയമാനുസൃതമല്ലാതെ പ്രൊമോഷൻ നൽകിയിട്ടുണ്ടെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 5-4-1990-ൽ.

(ബി) ഇല്ല.

(സി) നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ബോർഡിൽ ജീവനക്കാർക്ക് സർവ്വീസ് ചട്ടങ്ങൾ ക്രമീകരിക്കുന്നതിനുള്ള സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതുവരെ കേരള സർവ്വീസ് റൂൾസിലെ നിയമങ്ങൾ അനുസരിച്ചാണ് പ്രൊമോഷനും മറ്റു സർവ്വീസ് ആനുകൂല്യങ്ങളും നൽകുന്നത്. ബോർഡിൽ ഹെഡ്ഡാഫീസിലും മേഖലാ ആഫീസിലുമായി 21 അംഗീകൃത തസ്തികകൾ ഉണ്ട്.

(ഇ) കാലാകാലങ്ങളിൽ ഉള്ള ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉള്ള അനുപാതം അനുസരിച്ചും കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരവും ബോർഡിന്റെ അംഗീകാരത്തോടുകൂടി എൽ. ഡി. ക്ലാർക്ക്, യു. ഡി. ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ്, യു. ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളിലേക്ക് 1:1 എന്ന അനുപാത പ്രകാരവും, യു. ഡി. ക്ലാർക്കിൽ നിന്ന് ഹെഡ് ക്ലാർക്ക് തസ്തികയിലേക്കും കൂടാതെ 10 വർഷത്തെ ഹയർ ഗ്രേഡ് പ്രൊമോഷനുകളും നല്കിയിട്ടുണ്ട്. ഇതിനുള്ള നിർദ്ദേശം ക്ഷേമനിധി ബോർഡ് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(എഫ്) ബോർഡിൽ രണ്ട് എൽ. ഡി. ക്ലാർക്ക്മാർക്ക് യു. ഡി. ക്ലാർക്ക്മാരായും ഒരു യു. ഡി. ക്ലാർക്കിന് ഹെഡ്ക്ലാർക്കായും ഒരു എൽ. ഡി. ടൈപ്പിസ്റ്റിനെ യു.ഡി. ടൈപ്പിസ്റ്റായും ഒരു എൽ. ഡി. ക്ലാർക്കിന് ഹയർഗ്രേഡ് പ്രൊമോഷനും ഒരു പ്യൂണിന് ഹയർ ഗ്രേഡ് പ്രൊമോഷൻ എന്നിങ്ങനെ ക്ഷേമനിധി ബോർഡിന്റെ ഡയറക്ടർ ബോർഡ് ശമ്പള പരിഷ്കരണ ഉത്തരവിന്റെയും കേരള സർവ്വീസ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരവും പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ജി) പ്രൊമോഷൻ സംബന്ധിച്ച് ക്ഷേമനിധി ബോർഡിൽനിന്നും സമർപ്പിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിശോധനയിലാണ്.

സെറിഫെഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ നടപടി

112 [2615] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിഫെഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly